**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 568** **28-06-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിലായി നാളിതുവരെ 102 MSME യൂണിറ്റുകൾ (ഉല്പാദനം /സേവനം) ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 622 ലക്ഷം രൂപ നിക്ഷേപവും 345 പേർക്ക് തൊഴിൽ സാധ്യതയും ലഭിച്ചിട്ടുണ്ട്. സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ബോധവൽക്കരണ സെമിനാറുകൾ പഞ്ചായത്തു തലങ്ങളിലും, താലൂക്ക് തലങ്ങളിലും നടത്തുന്നതോടൊപ്പം സംരംഭകരെ കണ്ടെത്തി, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ബാങ്ക് വായ്പ അനുവദിച്ച് ലഭിക്കുന്നതിനായി കൈത്താങ്ങ് സഹായം നൽകി വരുന്നതോടൊപ്പം സബ്സിഡി അടക്കം സാമ്പത്തിക സഹായം വ്യവസായ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി) യിൽ 6 യൂണിറ്റുകൾക്ക് 46,15,105/- രൂപ സബ്സിഡിയായി നൽകി. സംരംഭക സഹായ പദ്ധതി (ESS) പ്രകാരം 4 യൂണിറ്റുകൾക്ക് 18,48,622/- രൂപയും, വ്യവസായ ഭദ്രത (കോവിഡ് പാക്കേജ് ) ഇനത്തിൽ 12 യൂണിറ്റുകൾക്ക് 3,05,958/- രൂപയും ധനസഹായം നൽകി. നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റായി 2 യൂണിറ്റുകൾക്ക് 7,06,000/-രൂപ ധനസഹായമായി നൽകി. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംരംഭകത്വ ക്ലബുകൾക്ക് രണ്ട് ഗഡുക്കളായി ആകെ 60,000/- രൂപ സംരംഭകത്വ ധന സഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനായി പദ്ധതികളൊന്നും നിലവിൽ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ